# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ :42

07.08.2017 -ലെ
മറുപടിക്ക്

## നീതി ആയോഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഒ. രാജഗോപാൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| കേരളം നീതി ആയോഗിനെതിരെ വിമർശനം ഉന്നയിക്കുന്നതും അംഗീകരിക്കാൻ തയ്യാറാകാത്തതും എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ ഉപേക്ഷിക്കുകയും ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ട് നീതി ആയോഗ് എന്ന സംവിധാനം ഏർപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്ന സമയത്ത് സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം ലഭിക്കുന്നതിനുവേണ്ടി പ്രപ്പോസലുകൾ തയ്യാറാക്കി മുൻകൂട്ടി നല്കിയിരുന്നതുകൊണ്ട് സംസ്ഥാനത്തിനു ലഭിക്കേണ്ട കേന്ദ്രവിഹിതത്തെ സംബന്ധിച്ച് കൃത്യമായ ധാരണയുണ്ടായിരുന്നു. കൂടാതെ സംസ്ഥാന പദ്ധതികളുടെ അംഗീകാരം നൽകിയിരുന്നത് ആസൂത്രണ കമ്മീഷൻ ആയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യുവാൻ സാധിച്ചിരുന്നു. ഇത് കൂടാതെ കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66 ൽ നിന്ന് 28 ആക്കി പുന:ക്രമീകരിക്കുകയും ഫണ്ടിംഗ് രീതിയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുൻകാലങ്ങളിൽ ഉണ്ടായ ഫണ്ടിംഗ് രീതി 100, 90:10, 80:20, 70:30, 75:25, 50:50 എന്ന |

അനുപാതത്തിലായിരുന്നു. പുതിയ ഫണ്ടിംഗ് രീതി പ്രകാരം 6 കോർ ഓഫ് ദി കോർ പദ്ധതികൾ 90:10 ലും 20 കോർ പദ്ധതികൾ 60:40 ലും 2 ഓപ്ഷണൽ പദ്ധതികൾ 50:50 എന്ന അനുപാതത്തിലുമാണ് പുനക്രമീകരിച്ചിരിക്കുന്നത്. അനുപാതത്തിലുണ്ടായ ഈ മാറ്റം മൂലം സംസ്ഥാനത്തിന് സാമ്പത്തിക പരിമിധി അനുഭവപ്പെടുന്നു. കൂടാതെ ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ഉണ്ടായിരുന്ന സംസ്ഥാനങ്ങൾക്കുള്ള ഒറ്റത്തവണ/അധിക കേന്ദ്രസഹായം എന്നിവ നിർത്തലാക്കി. ഓരോ വാർഷിക പദ്ധതിയും തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രിമാർ, ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനുമായി ചർച്ചകൾ നടത്തിയിരുന്നു. ഈ അവസരങ്ങളിൽ സംസ്ഥാനത്തിനുള്ള അർഹമായ കേന്ദ്രവിഹിതം മാനദണ്ഡമനുസരിച്ച് ചോദിച്ച വാങ്ങുവാൻ സാധിക്കുമായിരുന്നു. എന്നാൽ പുതിയ സംവിധാനത്തിൽ ഇതിനുള്ള സാധ്യതയും ഇല്ലാതായിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ